# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1038** 06.06.2018 -ലെ മറുപടി

## കടൽഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കടലാക്രമണ ഭീഷണി രൂക്ഷമായ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ തകർന്ന കടൽഭിത്തി പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര പ്രവൃത്തികൾക്ക് എത്ര രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്; ഇതിന്റെ വിശദാംശം നൽകാമോ; | (എ) നാല് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ഇതിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് മൂന്ന് പ്രവൃത്തികൾക്ക് കോൺട്രാക്ടർ ക്വാട്ട് ചെയ്ത നിരക്ക് അധികമായതിനാൽ അംഗീകാരം നൽകാൻ കഴിഞ്ഞില്ല. തുടർന്ന് റീടെൻഡർചെയ്തിട്ടുണ്ട് പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ തകർന്ന കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും പുതിയ കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കുന്നതിനും എത്ര എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ;<br>(സി) തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) & (സി) 15-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി മാടായി-മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി നടപടിയെടുത്തുവരുന്നു.<br>1. മാടായി ഗ്രാമ പഞ്ചായത്തിൽ പുതിയങ്ങാടിയിൽ സി.പി. സ്റ്റോൺ 2412 മുതൽ 350 മീ. നീളത്തിൽ കടൽഭിത്തി നിർമ്മാണം<br>2. മാട്ടൂൽ ഗ്രാമ പഞ്ചായത്തിൽ നീരൊഴുക്കു ചാലിൽ സി.പി. സ്റ്റോൺ 2392 നും 2395 നും സമീപം 500 മീ. നീളത്തിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി<br>3. മാട്ടൂൽ ഗ്രാമ പഞ്ചായത്തിൽ കക്കാടൻചാലിൽ സി.പി. സ്റ്റോൺ 2389 നും 2392 നും സമീപം 500 മീ. നീളത്തിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി<br>4. മാട്ടൂൽ ഗ്രാമ പഞ്ചായത്തിൽ മാട്ടൂൽ സൗത്തിൽ സി.പി. സ്റ്റോൺ 2359 നു തെക്ക് ഭാഗത്തായി തകർന്ന കടൽഭിത്തിയുടെ അടിയന്തിര പുനരുദ്ധാരണ പ്രവൃത്തി. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|
| 1. | മാട്ടൂൽ പഞ്ചായത്തിൽ പുതിയങ്ങാടി നീരൊഴുക്കും ചാൽ എന്ന സ്ഥലത്ത് ചെ. 100/400 കി. മീ. നും 100/550 കി.മീ. നും ഇടയിൽ തകർന്ന കടൽ ഭിത്തിയുടെ പുന:രുദ്ധാരണ പ്രവൃത്തി | 40 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2. | മാടായി പഞ്ചായത്തിൽ പുതിയങ്ങാടി-നീരൊഴുക്കുംചാൽ എന്ന സ്ഥലത്ത് ചെ: 100/200 മുതൽ 100/264 കി.മീ വരെ 64 മീറ്റർ നീളത്തിൽ തകർന്ന കടൽ ഭിത്തി യുടെ പുന:രുദ്ധാരണ പ്രവൃത്തി | 25 | റീടെൻഡർ ചെയ്തിട്ടുണ്ട് |
| 3. | മാടായി പഞ്ചായത്തിൽ നീരൊഴുക്കും ചാലിൽ ചെ: 100/265 നും 100/325 നും ഇടയിൽ തകർന്ന കടൽ ഭിത്തിയുടെ പുന:രുദ്ധാരണ പ്രവൃത്തി | 15 | 2 തവണ റീടെൻഡർ ചെയ്തിട്ടുണ്ട്. കരാറുകാരിൽ നിന്നും പ്രതികരണമൊന്നും ഉണ്ടായിട്ടില്ല. |
| 4. | മാടായി പഞ്ചായത്തിൽ നീരൊഴുക്കും ചാലിൽ സി.പി. സ്റ്റോൺ 2395 ന് വടക്ക് ഭാഗത്തായി തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി | 43 | റീടെൻഡർ ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ